# മോൺ. ജോസഫ് മാക്കീൽ

( Rev. Fr. Thomas Theranthanam B. A., B. T. )

ഇതു് ഒരു പുതിയ പരിവേഷമല്ല. കോട്ടയം രൂപതയിൽ ഇതിനു മുമ്പും മെത്രാഭിഷേക രജതജൂബിലി ആഘോഷിക്കപ്പെട്ടിട്ടുണ്ടു്. അതു് 1939-ൽ ആയിരുന്നു. അന്നു പ്രഗത്ഭമായി രൂപത ഭരിച്ചുകൊണ്ടിരുന്ന ചൂളപ്പറമ്പിൽ തിരുമേനിയുടെ രജതജൂബിലിയും ആഡംബരപൂർവ്വം ആഘോഷിക്കുകയുണ്ടായി. ഭക്തിനിർഭരവും വർണ്ണശബളവുമായ ആ പരിപാടികളുടെ 'ശബ്ദവും പ്രകാശവും' മായാതെ നിൽപ്പുണ്ടു് ഇപ്പോഴും ഈ അന്തരീക്ഷത്തിൽ. അതോടനുബന്ധിച്ചാണു് തിരുമേനി ബഹുമാനപ്പെട്ട വലിയ കുഞ്ഞേപ്പച്ചനു് മോൺസിഞ്ഞോർ സ്ഥാനം നൽകിയതു്. ആ തുറൈക്കെ നീട്ടത്തിൽ ആഹ്ളാദിക്കാത്തവരും അനുമോദിക്കാത്തവരും ആരും തന്നെ ഉണ്ടായിരുന്നില്ല. വലിയ കുഞ്ഞേപ്പച്ചനെ സംബന്ധിച്ചിടത്തോളം അതു് ഒരു അനുഗ്രഹവും അംഗീകാരവുമായിരുന്നു. കടന്നുപോന്ന എഴുപത്തഞ്ചു വർഷങ്ങളുടെ സാഫല്യമായിരുന്നു ആ പദവി. എല്ലാററിനുമുപരി അഭിവന്ദ്യ ചൂളപ്പറമ്പിൽ തിരുമേനിയുടെ നിറഞ്ഞ മനസ്സിൻെറയും സൂക്ഷ്മവീക്ഷണത്തിൻെറയും പ്രതിഫലനവും.

ബഹുമാനപ്പെട്ട മോൺസിഞ്ഞോർ അച്ചൻെറ ജീവിതത്തിലെ ചോടും ചാലും തിരഞ്ഞുപോയാൽ നാം

---

ചെയ്തതുപോലെ നിങ്ങളും ചെയ്യുവിൻ'' എന്നു ചുറുചുറുപ്പും ഈടുററ കഴിവുകളുമുള്ള തൻെറ രണ്ടനന്തരവരോടും നാട്ടുകാരോടും വീട്ടുകാരോടും മൂകഭാഷയിൽ അനുശാസിച്ചുകൊണ്ടു മോനിപ്പള്ളി പള്ളിയകത്തു അനന്തവിശ്രമംകൊള്ളുന്ന ആ പുണ്യശ്ലോകനെ സമുദായത്തിനു—നാടിനു—വിശിഷ്യ മോനിപ്പള്ളി നിവാസികൾക്കു നമ്രശിരസ്കരായി കൂപ്പുകൈകളോടുകൂടി മാത്രമേ അനുസ്മരിക്കുവാൻ സാധിക്കുകയുള്ളൂ തീർച്ച.

അവസാനമായി ഒരു ഒരു കാര്യംകൂടി. 1961 നവംബർ 27-ാംനു ശിലാസ്ഥാപനകർമ്മം നിർവഹിച്ചു പടുത്തുയർത്തപ്പെട്ട എം. യു. എം. ആശുപത്രി അടുത്ത കാലം വരെ കാര്യമായ വികസനത്തിനു് അവസരം കിട്ടിയിരുന്നില്ലെങ്കിലും ദൈവാനുഗ്രഹത്താൽ ആസ്ഥാപനത്തിൻെറയും നല്ലകാലം ആരംഭിച്ചു കഴിഞ്ഞിരിക്കുകയാണു്. അഭിവന്ദ്യ ജൂബിലിയേറിയൻ തിരുമനസ്സിലെ വിശാലഹസ്തങ്ങളിൽ അതിപ്പോൾ സുരക്ഷിതമാണു്. ആ സ്ഥാപനം അഭിവൃദ്ധിപ്പെട്ടു തുടങ്ങിയിരിക്കുന്നു. അനതിവിദൂര ഭാവിയിൽ എം. യു. എം. ആശുപത്രിയുടെ തികവിൽ തൻെറ ഡ്യൂട്ടിക്കു മകുടം ചാർത്തിയതു കണ്ടു കാണ്ടിസെമ്മിനാരിയിലെ ഗായക സംഘത്തോടൊന്നിച്ചെന്നപോലെ സ്വർഗ്ഗീയ ഗായകസംഘത്തോടു ചേർന്നു, പെ. ബ. മോൺ. ഊരാളിൽ അവർകൾ ഒരു ഒന്നാംതരം ഗാനമേള തന്നെ നടത്തുമെന്നു നമുക്കഭിമാനിക്കാം.

ചെന്നു നിൽക്കുന്നതു് കോട്ടയം രൂപതയിലെ മഹത്വമേറിയ പുരാതന കുടുംബങ്ങളിലൊന്നായ 'മാക്കീൽ' തറവാട്ടിലാണു് അനേകം വൈദികരേയും കന്യാസ്ത്രീകളേയും തിരുസഭാ മാതാവിനു സംഭാവന ചെയ്യുവാനുള്ള ഭാഗ്യം ഈ കുടുംബത്തിനു കുറച്ചൊന്നുമല്ല ഉണ്ടായിട്ടുള്ളതു്. കേരളത്തിലെ പ്രഥമ നാട്ടുമെത്രാന്മാരിലൊരാളും കോട്ടയം രൂപതയുടെ ആദ്യത്തെ മെത്രാനുമായ മാക്കീൽ മത്തായി മെത്രാൻ ഈ കുടുംബത്തിലാണു ജനിച്ചതു്. അദ്ദേഹത്തിൻെറ ഇളയ സഹോദരനായിരുന്നു മോൺ. ജോസഫ് മാക്കീൽ. അവിടുന്നു 1864 നവംബർ 15-ാംനു ഭൂജാതനായി.

സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞു തിരിഞ്ഞതു് വൈദികപഠനത്തിലേക്കാണു്. 1888 നവംബർ 22-ാം തീയതി റോമിലെ ഉർബൻ കോളേജിൽ ചേർന്നു ഒമ്പതുവർഷത്തെ പഠനം പൂർത്തിയാക്കി അദ്ദേഹം 1897 ഏപ്രിൽ 17-ാം തീയതി ദുഃഖശനിയാഴ്ച കർബാനപ്പട്ടം സ്വീകരിച്ചു. പിറേറ ദിവസം ഉയിർപ്പുതിരുനാളിൽ 'ഏശു' എന്ന പള്ളിയിൽ വി. ശൗരിയാർ പുണ്യവാൻെറ അൾത്താരയിൽ അദ്ദേഹം പ്രഥമബലി അർപ്പിച്ചു. ആ കാലഘട്ടത്തിനു് മറെറാരു മേന്മകൂടിയുണ്ടായിരുന്നു. വി. കൊച്ചുത്രേസ്യാ ലിസ്യൂ കർമ്മലീത്താ മഠത്തിൽ ജീവിച്ച ഒമ്പതു വർഷങ്ങളിൽ തന്നെയാണു് മോൺസിഞ്ഞോർ റോമിൽ പഠിച്ചുകൊണ്ടിരുന്നതു്. അതുകൊണ്ടു് പലപ്പോഴും അദ്ദേഹം ''ഞങ്ങൾ സമകാലീനരാണു്'' എന്നു് അഭിമാനാദരങ്ങളോടെ അനുസ്മരിക്കാറുണ്ടായിരുന്നു. മാത്രവുമല്ല ആ പുണ്യവതി ''ഞാൻ വൈദികർക്കും വൈദികവിദ്യാർത്ഥികൾക്കും വേണ്ടി പ്രാർത്ഥിക്കാൻപോവുകയാണു്'' എന്നു പറഞ്ഞു മഠത്തിൽ പ്രവേശിക്കുകയും തപസ്സിൽ മുഴുകുകയുമായിരുന്നു. ആ പ്രാർത്ഥനയുടെ ഫലം ഒരു വൈദിക വിദ്യാർത്ഥിയായ തനിക്കും ലഭിച്ചിട്ടുണ്ടു് എന്നു് അദ്ദേഹം ഹൃദയപൂർവ്വം വിശ്വസിക്കയും ചെയ്തിരുന്നു. അതുകൊണ്ടു കൂടെയായിരുന്നു ആ പുണ്യവതിയിൽ അദ്ദേഹത്തിനു ഏറിയ ഭക്തിയും വിശ്വാസവും ഉണ്ടായിരുന്നതും, അദ്ദേഹം പിന്നീടു പണിയിച്ച പള്ളിക്കു് വി. കൊച്ചുത്രേസ്യായുടെ ''മകുടാലയം'' എന്നു പേരു വിളിച്ചതും.

നാട്ടിൽ തിരിച്ചെത്തിയ മോൺസിഞ്ഞോർ രൂപതയിലെ പല പള്ളികളിലും വികാരിയായിരുന്നിട്ടുണ്ടു്. കൈപ്പുഴ, നീണ്ടൂർ, കുമരകം, കൂടല്ലൂർ, കടുത്തുരുത്തി എന്നിവയാണു് അവയിൽ പ്രധാനപ്പെട്ടവ. കൂടാതെ കൊച്ചി രൂപതയിൽ അത്തുങ്കൽ, കാട്ടൂർ, പൂങ്കാവു് എന്നീ പള്ളികളിലും സ്തുത്യർഹമാംവിധം ജോലി ചെയ്തിട്ടുണ്ടു്. എവിടെ ആയിരുന്നാലും കുറെ കാര്യങ്ങൾ പിന്നാലെ വരുന്ന കാലഘട്ടങ്ങൾക്കു് കൈവണങ്ങി നിൽക്കത്തക്കവണ്ണം പടുത്തുയർത്തുവാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ഇന്നും നടന്നുവരുന്ന കൈപ്പുഴപള്ളിയിലെ ധ്യാനവും വണക്കമാസപ്പെരുന്നാ

ളും അതിൽ ഒന്നാണ്. താഴെ വീണുകിടന്ന വലിയ കരിങ്കൽ കുരിശു നിവർത്തതും അദ്ദേഹത്തിന്റെ കാലത്താണ്. കടുത്തുരുത്തി വലിയപള്ളിയിലെ കരിങ്കൽ കുരിശിനു ചുററും ഭംഗി വരുത്തിയതും കുമരകം പള്ളിയിലെ കരിങ്കൽ കുരിശു പണിതുയർത്തിയതും അദ്ദേഹത്തിന്റെ ശ്രമഫലമായാണ്. ഇനിയും ബ. മോൺസിഞ്ഞോറുടെ ശാശ്വത സ്മരണയെ നിലനിത്തുന്ന ഉത്തുംഗ സ്ഥാപനങ്ങളാണ് കൈപ്പുഴ 13-ാം ലയോൻ പാപ്പാ വായനശാലയും, മാഞ്ഞൂർ മകുടാലയം പള്ളിയും. ഒരു വായനശാല നാടിന്റെ കെടാവിളക്കാണെന്ന് അറുപത്തിനാലു വർഷങ്ങൾക്കപ്പുറം അദ്ദേഹം മനസ്സിലാക്കിയിരുന്നു. അതിന്റെ തെളിവാണ് "എല്ലാ ജാതികളും ഇതിൽ പ്രവേശിച്ചു പഠിച്ചുകൊള്ളുവിൻ" എന്ന് ആ വായനശാലയുടെ ഭിത്തിയിൽ ആലേഖനം ചെയ്തിരിക്കുന്നതും, സ്വന്തം നാട്ടിൽ സ്വന്തം ചെലവിൽ എട്ടുപട്ടത്തിൽ കോൺക്രീററു വാത്ത പണി ചെയ്തിരിക്കുന്ന "മകുടാലയം" സൂര്യപുരുഷന്റെ കനപ്പെട്ട സംഭാവനയാണ്. റോമൻ കലയിൽ പണിതുയർത്തിയിട്ടുള്ള ഈ ദേവാലയത്തിനു ഏതാണ്ടു മുപ്പത്തിയഞ്ചുകൊല്ലത്തെ പഴക്കമുണ്ട്. കലാഭംഗി തികഞ്ഞ ഈ ആലയം രൂപതയിൽ മാത്രമല്ല ഒരവസരത്തിൽ കേരളത്തിൽ തന്നെ ഒന്നാം സ്ഥാനമലങ്കരിച്ചിരുന്നുവെന്നാണ് തോന്നുന്നത്. ഈ പള്ളിയിൽ മേയ് മാസം 31 ദിവസവും വൈകുന്നേരം കൊന്ത, ലദീഞ്ഞ് വെടിക്കെട്ട് ഇവ സമാരംഭിച്ചതു അദ്ദേഹമാണ്.

## എഴുത്തുകാരൻ

വായനയിൽ താല്പര്യമുണ്ടായിരുന്ന മോൺസിഞ്ഞോർ ഒരു എഴുത്തുകാരൻ കൂടിയായിരുന്നു. മരിയമാസം, ശുദ്ധീകരണാത്മാക്കളെ സഹായിപ്പിൻ, നന്മരണായത്തം, അമ്പതു നോമ്പ് ഇവ അദ്ദേഹത്തിന്റെ മികച്ച കൃതികളാണ്. കൂടാതെ ധാരാളം ഭക്തിഗാനങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. ഇവയിൽ ചിലതെല്ലാം വിവർത്തനങ്ങളാണെങ്കിലും അദ്ദേഹത്തിന്റെ വ്യക്തിത്വം എല്ലാത്തിലും തെളിഞ്ഞുനില്പുണ്ട്.

## മരിയ ഭക്തൻ

ഒരു മരിയഭക്തനായിരുന്ന ബ. മോൺസിഞ്ഞോർ ധാരാളം സ്തുതിപ്പുകൾ എഴുതുകയും കുട്ടികളെ പഠിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. 'മാതാവും പുത്രനും' എന്ന ബന്ധം ശരിക്കും പുലർത്തിയിരുന്നു അദ്ദേഹം തന്റെ മരിയ ഭക്തിയിൽ. മരിയൻ ദൈവശാസ്ത്രവും അദ്ദേഹം താല്പര്യപൂർവ്വം മനസ്സിലാക്കിയിരുന്നു. മാതാവിന്റെ സ്വർഗ്ഗാരോപണം അന്നൊരു വിശ്വാസസത്യമല്ലായിരുന്നു. എങ്കിലും അതൊരു വിശ്വാസസത്യമായി കരുതേണ്ടതാണെന്ന് മോൺസിഞ്ഞോർ പറഞ്ഞതു് ഇന്നു ഞാനോർമ്മിക്കുന്നു. മാതാവിന്റെ ഐഹിക ജീവിതാവസാനം മരണത്തിലല്ലായിരുന്നു എന്നും ഈശോയിൽ ധ്യാനനിമഗ്നയായി കഴിച്ചുകൂട്ടിയ ആ പുണ്യവതി സ്വർഗ്ഗത്തിലേക്കു എടുക്കപ്പെടുകയാണുണ്ടായതെന്നും അദ്ദേഹം വിശ്വസിച്ചിരുന്നു. അതിനാൽ മാതാവ് മററുള്ളവരെപ്പോലെ 'മരിച്ചടക്കം ചെയ്യപ്പെട്ടു' എന്ന സങ്കല്പത്തെ അദ്ദേഹം ഖണ്ഡിക്കുകയും അപ്രകാരമുള്ള പടങ്ങൾ കീറിയും കീറിച്ചും ആ വിശ്വാസത്തെ ചെറുക്കുകയും ചെയ്തുകൊണ്ടിരുന്നു.

## കലാകാരൻ

വാസനാസമ്പന്നനായിരുന്ന മോൺസിഞ്ഞോർ ഒഴിവുസമയങ്ങൾ കലാപരമായ കാര്യങ്ങൾക്കായി വിനിയോഗിച്ചിരുന്നു. ചിത്രങ്ങൾ വരയ്ക്കുക, പെയിൻറു ചെയ്യുക, കാസാ പീലാസ മുതലായവ സ്വർണ്ണം പൂശുക ഇതൊക്കെയായിരുന്നു അദ്ദേഹത്തിന്റെ വിശ്രമവേളകളിലെ ജോലികൾ. ആ അംഗുലീചലനത്തിനുള്ള മികച്ച നിദർശനങ്ങളാണ് കൈപ്പുഴ പള്ളിയിൽ ഇന്നും സൂക്ഷിച്ചിരിക്കുന്ന മാതാവിന്റെ എണ്ണച്ഛായാചിത്രം പതിഞ്ഞിട്ടുള്ള വലിയ കൊടിയും ചെറിയ കൊടിയും. മകുടാലയം പള്ളിയിലെ കുരിശ് കബർ, തിരികാലുകൾ എന്നു വേണ്ട അൾത്താരവിരികളിൽപ്പോലും അവിടുത്തെ വിരൽപ്പാടുകൾ പതിഞ്ഞിട്ടുണ്ട്. തന്റെ ക്യാമറയിൽ പലപ്പോഴും പ്രകൃതി ദൃശ്യങ്ങൾ പകർത്തുകയും സ്വന്തം ലാബറട്ടറിയിൽ അവ പാകപ്പെടുത്തി സൂക്ഷിക്കുകയും ചെയ്യുക കുഞ്ഞേപ്പച്ചന്റെ ഒരു ഹോബിയായിരുന്നു. എന്തും സ്വരൂപിക്കുന്നതിലും സൂക്ഷിക്കുന്നതിലും അദ്ദേഹത്തിലെ കലാകാരൻ അസാധാരണമായ ചിട്ട പാലിച്ചിരുന്നു.

ആ ധന്യജീവിതത്തിൽ ഒരു പ്രദക്ഷിണം വച്ചു മടങ്ങുമ്പോൾ നമുക്ക് അവിടുത്തെ ശാന്തത, പ്രസന്നത, കൃത്യനിഷ്ഠ, ഭക്തി, വിനയം, കാരുണ്യം തുടങ്ങിയ ഗുണഗണങ്ങൾ ഒരിക്കലും മറക്കാനാവില്ല. പാശ്ചാത്യ വിദ്യാഭ്യാസം ആ ജീവിതത്തിൽ ചെലുത്തിയ സ്വാധീനമാണ് ഇവയിൽ പലതിന്റേയും കാതൽ. ആംഗ്ലേയരെ അനുകരിച്ചുള്ള ഭക്ഷണക്രമം, കൃത്യനിഷ്ഠ ഇവ അദ്ദേഹത്തിന്റെ വൈദിക ജീവിതത്തിനു വെളിച്ചം തെളിച്ചു. രാവിലെ വിശുദ്ധ കുർബാന അർപ്പിക്കുന്നതിനു മുമ്പായി അദ്ദേഹം ആരോടും സംസാരിച്ചിരുന്നില്ല. ഏകാന്ത ധ്യാനത്തിൽ മുഴുകി കഴിഞ്ഞിരുന്നു. അതുകൊണ്ട് അദ്ദേഹത്തെ സന്ദർശിച്ച് രാത്രിയിൽ താമസിക്കുന്നതിനിടയാവുകയും രാവിലെ പോരുകയും ചെയ്യേണ്ടിവരുമ്പോൾ തലേദിവസം തന്നെ അദ്ദേഹം യാത്രപറഞ്ഞു ശയനമുറിയിലേക്കു പോയിരുന്നു.

മററു പലർക്കുമുണ്ടായിരുന്ന യാഥാസ്ഥിതിക മനോഭാവം ബ. മോൺസിഞ്ഞോരച്ചനില്ലായിരുന്നു. ആ നല്ല ഇടയൻ എല്ലാവരുടേയും ആത്മാവിന്റെ പങ്കാളിയായിരുന്നു. ആ അൾത്താരയിൽ സ്നേഹത്തിന്റേയും കാരുണ്യത്തിന്റേയും വിശ്വാസത്തിന്റേയും ലില്ലിപ്പൂക്കൾ കുമിഞ്ഞു കൂടിയിരുന്നു.

ഇങ്ങനെ ഒരു വൈദികന്റെ എല്ലാ കതിരുകളും ചൂടിയിരുന്ന മോൺസിഞ്ഞോർ അവസാന വിനാഴികകൾ മകുടാലയം പള്ളിമേടയിലാണ് ചെലവഴിച്ചത്. അന്നും ആ സങ്കേതത്തിലേക്ക് നടന്നടുക്കാത്തവരില്ല. ആ മഹാ സന്നിധിയിൽ സ്തുതിചൊല്ലിനിൽക്കാത്തവരില്ല. എങ്കിലും ദൈവം അദ്ദേഹത്തെ 10-3-1944-ൽ നിത്യസമ്മാനത്തിനായി വിളിച്ചു. അന്ന് അദ്ദേഹത്തിന് എൺപതു വയസ്സുണ്ടായിരുന്നു. ആ മൃതശരീരം മകുടാലയ പള്ളിയ്ക്കകത്തു തന്നെ സംസ്ക്കരിക്കപ്പെട്ടു. ജീവിതത്തിന്റെ മണ്ഡലങ്ങളിലെല്ലാം മായാത്ത മുദ്രപതിച്ച ബ. മോൺസിഞ്ഞോർ ഓർമ്മകളിൽ ഇന്നും ജീവിക്കുകയാണ്.